**കേരള സർക്കാർ**
**സംഗ്രഹം**

വനം വകുപ്പ് കേരളാ സ്റ്റേറ്റ് ബാബു കോർപ്പറേഷൻ 1977 നവംബർ മാസം ഒന്നാം തീയതി മുതൽ ഈറ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ.

---

**കൃഷി (വനം പലവക) വകുപ്പ്**

ജി.ഓ. ആർ.റ്റി. 2899/77/കൃഷി തീയതി 9–10–1977.

---

വായിക്കുക :– 6–9–77–ൽ എഫ്.യു.2 37735/77 എന്ന നമ്പരിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ നിന്നും കിട്ടിയ കത്ത്

**ഉത്തരവ്**

1977 സെപ്റ്റംബർ മാസം 7–ാം തീയതി കേരളാ സ്റ്റേറ്റ് ബാബു കോർപ്പറേഷൻ ഈറ നൽകുന്നതു സംബന്ധിച്ച് വനംവകുപ്പ്മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ഒരു ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ എടുത്ത തീരുമാനങ്ങളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചുകൊള്ളുന്നു.

കേരളാ സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ 1977 നവംബർമാസം ഒന്നാം തീയതി മുതൽ അടുത്ത ഒരാണ്ടത്തേക്ക് 9,000 (ഒൻപതിനായിരം മാത്രം) ടൺ ഈറ സീനിയറേജ് നിരക്കിൽ വനംവകുപ്പിൽനിന്നും നൽകുന്നതായിരിക്കും. ഇപ്പോൾ നൽകിവരുന്ന 5,000 ടൺ ഈറക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി തന്നെയായിരിക്കും തുടർന്നുള്ള ഒൻപതിനായിരം ടൺ ഈറയും നൽകുക.

അപ്രകാരം വനംവകുപ്പിൽനിന്നും കൂടുതലായി നൽകുന്ന ഈറ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽകാർക്കുപുറമേ കുട്ട, മുറം മുതലായവ ഉണ്ടാക്കുന്ന കുടിൽവ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും വനത്തിൽനിന്ന് തലച്ചുമടായി അതിനുവേണ്ട ഈറ ശേഖരിക്കുവാൻ പാസ്സ് എടുക്കുന്നവരുമായ തൃശൂർ കൊല്ലം എന്നീ വനം സർക്കിളുകളുടെ പരിധിയിൽപ്പെട്ട ആളുകൾക്കുകൂടി കോർപ്പറേഷൻവക പ്രാദേശിക ഡിപ്പോകളിൽനിന്ന് വിതരണം ചെയ്യുന്നതായിരിക്കും.

1977 നവമ്പർ മാസം ഒന്നാംതീയതിക്കുമനുമ്പായി ഇപ്പോൾ തലച്ചുമടിനു പാസ്സുമായി വനത്തിൽനിന്നും ഈറ ശേഖരിക്കുന്ന തൊഴിൽക്കാർ മേലിൽ തങ്ങൾക്ക് ആവശ്യമായ ഈറ ലഭിക്കുന്നതിന് കോർപ്പറേഷൻ അധികൃതരുമായി ബന്ധപ്പെടേണ്ടതാണ്.

കോർപ്പറേഷൻ ഈറ ശേഖരിക്കുവാൻ പരിയാരം, ഷോളയാർ, പൂയംകുടി എന്നീ പ്രദേശങ്ങളിൽ ഉള്ള വനങ്ങളിൽ പ്രത്യേകമായി ഈറക്കാടുകൾ നീക്കിവക്കുന്നതായിരിക്കും. ഈ ഈറക്കാടുകളിൽനിന്ന് കോർപ്പറേഷന്റെ ആവശ്യത്തിന് തിരഞ്ഞെടുത്തത് കഴിച്ച് ബാക്കിയുള്ള ഈറ കോർപ്പറേഷൻ തന്നെ ശേഖരിച്ച് മില്ലുകളുടെ ആവശ്യത്തിന് വനംവകുപ്പിൽനിന്ന് നിർദ്ദേശിക്കുന്ന പ്രകാരം നൽകേണ്ടതാണ്.

കെ..എ വിദ്യാധരൻ
അഡീഷണൽ സെക്രട്ടറി

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
തിരുവനന്തപുരം.

ജി.12/10
(338)

Endt. on 37735/77 dt. 12.10.1977.
copy to all Conservator of Forests and Divisional Forest Officers for information and attention.

Sd/-
for Chief Conservator of Forests.

Approved for issue.
For Superintendent.
SP/12.10.